M 11503

Reg. No.: ..............................

Name : ..............................

DON BOSCO ARTS AND SCIENCE COLLEGE LIBRARY ANGADIKADAVU
B Com

**I Semester B.A./B.Sc./B.Com./B.B.A./B.B.A. T.T.M./B.B.M./B.C.A./B.S.W. Degree (CCSS –Regular/Supplementary/Improvement) Examination, November 2011**

**COMMON COURSE IN MALAYALAM FOR B.Com./B.B.A./B.B.A. T.T.M./B.B.M.**

**1 A 07 1 MAL : മലയാള സാഹിത്യ ഗണങ്ങൾ**

**(2010 Admn. Onwards)**

Time : 3 Hours Max. Weightage : 30

I. താഴെ കൊടുത്തിരിക്കുന്ന **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിന് ഉത്തരമെഴുതുക. **ഓരോ** വിഭാഗത്തിന്റെയും മൂല്യം **1.** **(4×1=4 വെയിറ്റേജ്)**

1) ''ഈടുവെപ്പുകളെല്ലാം പോകിലും പുതിയൊരു
നാടു നമ്മുടേതാകാം അസംഖ്യം തോഴന്മാരും !''

എ) ഈടുവെപ്പുകൾ എന്നതുകൊണ്ടുദ്ദേശിക്കുന്നതെന്ത് ?

ബി) പുതിയ നാട് എങ്ങനെ ഉള്ളതാണ് ?

സി) കവിയുടെ പേരെന്ത് ?

ഡി) ഏതു കവിത ?

2) ''പണമിട്ടെമ്പാടുമിടിച്ചു തെള്ളി
പരലോക നന്മയ്ക്കു വേണ്ടതല്ലോ !''

എ) പണം എന്തിനാണ് ചെലവിടുന്നത് ?

ബി) ആരാണിങ്ങനെ ചെയ്യുന്നത് ?

സി) ഏതു കവിത ?

ഡി) ആക്ഷേപഹാസ്യമെന്ത് ?

3) ''മുതുകിൽ നിൻ ചാട്ടയുലച്ചു കൊള്ളുക
വലയത്തിൽ ചാടാനായുണർന്നിരിപ്പു ഞാൻ''

എ) ഏതു കവിതയിൽ നിന്നുള്ള വരികൾ ?

ബി) ആരോടാണ് മുതുകിൽ ചാട്ടയുലക്കാനാവശ്യപ്പെടുന്നത് ?

സി) വലയമേതാണ് ?

ഡി) വിവക്ഷിതമെന്ത് ?

P.T.O.

4) താഴെക്കൊടുക്കുന്ന ഭാഷണ ക്രിയകളിലോരോന്നിന്റെയും മുഖ്യ ധർമ്മം എന്താണെന്നു ചൂണ്ടിക്കാണിക്കുക.

എ) മഴ വരുന്നതിനു മുൻപ് ഓടി വരൂ.

ബി) അടുത്ത ശിയാഴ്ച എനിക്ക് പരീക്ഷയുണ്ട്.

സി) സുഖം തന്നെയല്ലേ ?

ഡി) ഹായ് നല്ലമധുരം !

5) ''പഴക്കമേറിയാൽ ഏതിരുളാ വെളിച്ചമാവാത്തത് ? ഏത് കയ്പാ മധുരിക്കാത്തത് ?''

എ) ഏതു കൃതിയിൽ നിന്ന് ?

ബി) ആരുടെ വാക്കുകൾ ?

സി) ആരോടു പറയുന്നു ?

ഡി) ഈ കൃതിയിലെ 'പാത'യുടെ പേരെന്ത് ?

II. **എഴുപത്തഞ്ചു** വാക്കിൽ കവിയാതെ **അഞ്ചു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക. (വെയിറ്റേജ് **1**) **(4×1=4 വെയിറ്റേജ്)**

6) യുഗപരിവർത്തനം എന്ന കവിതയിൽ വിശ്വാസവും പരിവർത്തനവും തമ്മിലുള്ള സംഘർഷം എങ്ങനെ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു ?

7) ''കുതിർമണ്ണിൻ കട്ടകൾ കോരിക്കോരി
കുഴിവെട്ടീ പത്താമത്തേതുമച്ഛൻ'' – പത്തുകുഴികൾ ഏതാണ് ? വിശദീകരിക്കുക.

8) ''ഇടയ്ക്കിടയ്ക്കെന്റെ വനചേതസ്സിലാ
മൃഗപൗരാണികൻ കുടഞ്ഞെണീക്കുന്നു' – വിവക്ഷിതമെന്ത് ?

9) വി. കെ. എൻ. ബേപ്പൂർ പള്ളിയിൽ ചെന്നപ്പോഴുണ്ടായ അനുഭവം വിവരിക്കുക.

10) ഭാഷാഭേദങ്ങൾ എന്നാലെന്ത് ?

III. **നൂറ്റമ്പതു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ നിന്നും **അഞ്ചെണ്ണ**ത്തിനു ഉത്തരമെഴുതുക. (വെയിറ്റേജ് **2**) **(5×2=10 വെയിറ്റേജ്)**

11) മാറ്റങ്ങൾ ആഗ്രഹിക്കുന്ന കവിയാണ് വൈലോപ്പിള്ളി – പരിശോധിക്കുക.

12) പണിമുടക്കം എന്ന കവിതയ്ക്ക് ഒരാസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

DON BOSCO ARTS AND SCIENCE COLLEGE LIBRARY ANGADIKADAVU

13) ''അതിന്മുൻപീ നഖമുനകളാൽത്തന്നെ
ഇനിയീക്കണ്ണുകൾ ഞാൻ പിഴുതു മാറ്റട്ടെ' – വ്യാഖ്യാനിക്കുക.

14) എപ്പോഴെല്ലാമാണു കെ. ടി. മുഹമ്മദ് കരയുന്നതായി, മാമുക്കോയ വിവരിക്കുന്നത് ?

15) ഭാഷാഗോത്രങ്ങൾ എന്നാലെന്ത് ?

16) ''അപ്പോഴാണു മതിലിന്റെ മുകളിൽ നീലാകാശത്ത് ഉണങ്ങിയ കമ്പ് പൊങ്ങിയത് ''
– പ്രതീക്ഷയും യാഥാർഥ്യവും തമ്മിലുള്ള അകലം ഈ സന്ദർഭത്തിൽ ബഷീർ ധ്വനിപ്പിക്കുന്നതെങ്ങനെ ?

IV. **മുന്നൂറു** വാക്കിൽ കവിയാതെ **നാലു** ചോദ്യങ്ങളിൽ നിന്ന് **മൂന്നെണ്ണ**ത്തിനു ഉത്തരമെഴുതുക. (വെയിറ്റേജ് **4**) **(3×4=12 വെയിറ്റേജ്)**

17) ''മതിലുക''ളിലെ ആഖ്യാനകല വിശകലനം ചെയ്യുക.

18) 'അധിനിവേശത്തിന്റെ ആസുരവഴികൾ' പ്രതിഫലിപ്പിക്കുന്ന സ്വാതന്ത്ര്യ സമരചരിത്രം വിശദീകരിക്കുക.

19) ഭാഷയുടെ ഉത്പത്തിയെയും പ്രാധാന്യത്തെയും കുറിച്ച് വിശദീകരിക്കുക.

20) മാമുക്കോയയുടെ അനുഭവാഖ്യാനത്തിന്റെ പ്രത്യേകത എന്ത് ?

---